**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

**2013-2014 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നത്

2014 ജൂലൈ 7-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI
# (വിദ്യാഭ്യാസം)

## 2013-2014 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നത്

1011/2014.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VI

## വിദ്യാഭ്യാസം

## (2013-2016)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. പി. കെ. അബ്ദു റബ്ബ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. എം. എ. ബേബി

,, ഇ. ചന്ദ്രശേഖരൻ

ഡോ. കെ. ടി. ജലീൽ

,, എൻ. ജയരാജ്

ശ്രീ. ജോസഫ് വാഴക്കൻ

,, റ്റി. വി. രാജേഷ്

,, ഷാഫി പറമ്പിൽ

,, എം. ഉമ്മർ

,, പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

" തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി

" ആർ. കിഷോർ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

## അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VI-ന്റെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് (2013-14) റിപ്പോർട്ട് 10-6-2013-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽനിന്നും ലഭിച്ച മറുപടികൾ 12-6-2014, 1-7-2014 എന്നീ തീയതികളിൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

രണ്ടു ഭാഗങ്ങളിലായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും രണ്ടാം ഭാഗത്തിൽ സർക്കാരിൽനിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ വകുപ്പു തിരിച്ചും ഉൾപ്പെടുത്തിയിരിക്കുന്നു.

2014 ജൂലൈ മാസം 1-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2014 ജൂലൈ 1.

# റിപ്പോർട്ട്

## ഭാഗം 1

## 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളും

## പൊതുവിദ്യാഭ്യാസ വകുപ്പ്

ശിപാർശ (ഖണ്ഡിക 1)

2202-02-001-85—സ്കൂൾ വിദ്യാഭ്യാസം-നവീകരണം

പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ ഓഫീസുകൾ നവീകരിക്കുന്നതിനും കമ്പ്യൂട്ടർ/ഇന്റർനെറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ഫോട്ടോകോപ്പിയറുകൾ, ഫാക്സ് മെഷീനുകൾ, ഫർണിച്ചറുകൾ തുടങ്ങിയവ വാങ്ങുന്നതിനും മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന അദ്ധ്യാപക രക്ഷാകർതൃ സമിതികൾക്ക് പ്രോൽസാഹന സമ്മാനങ്ങൾ നൽകുന്നതിനുമായി ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ നടത്തിപ്പിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 87 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതിമൂലം 87 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന സമിതിയുടെ ശുപാർശയനുസരിച്ച് തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ 2014-15 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ 37 ലക്ഷം രൂപ അധികം വകയിരുത്തുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 42475/പി2/13/പൊ.വി. തീയതി 10-6-2014)

ശിപാർശ (ഖണ്ഡിക 2)

2202-02-109-71—അക്കാദമിക് എക്സലൻസ്

സ്കൂൾ തലത്തിൽ വിദ്യാഭ്യാസ മികവ് ഉറപ്പുവരുത്തുന്നതിനും അദ്ധ്യാപക പരിശീലനം നൽകുന്നതിനുമായി ആവിഷ്ക്കരിച്ച ഈ പദ്ധതിയിൽ സെക്കണ്ടറി സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം സ്വായത്തമാക്കുക, ഗുണനിലവാരമുള്ള വിദ്യാഭ്യാസം-വിദ്യാർത്ഥിയുടെ അവകാശം, സംസ്കൃത വിദ്യാഭ്യാസ വികസനം, ഗണിത ശാസ്ത്രം, സയൻസ്, സാമൂഹിക ശാസ്ത്ര പഠനങ്ങൾ മെച്ചപ്പെടുത്തുക, പൊതുവിദ്യാഭ്യാസ വകുപ്പിലേയും അതിന്റെ കീഴിലുള്ള ഓഫീസുകളിലേയും ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്തുക, ഇംഗ്ലീഷ് ഭാഷ ജില്ലാ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക, വിഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രത്യേക അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുക, അന്തർദേശീയ ദ്രാവിഡ ഭാഷാ സ്ഥാപനം മികവുറ്റതാക്കുക എന്നീ പരിപാടികളാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയി

ട്ടുള്ള തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തതമൂലം സമിതിയുടെ ശുപാർശയനുസരിച്ച് 20 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ 2014-15 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 125 ലക്ഷം രൂപ അധികം വകയിരുത്തുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 42475/പി2/13/പൊ.വി. തീയതി 10-6-2014)

ശിപാർശ (ഖണ്ഡിക 3)

2202-02-109-70—സ്കൂൾ വിദ്യാഭ്യാസം-വിദ്യാർത്ഥി കേന്ദ്രീകൃതം

വ്യത്യസ്തങ്ങളായ വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങളും പ്രവൃത്തി യിലധിഷ്ഠിതമായ പഠനരീതിയും വിദ്യാർത്ഥികളുടെ ഭാവനാ രൂപീകരണത്തിനും ദൈനംദിന ജീവിതത്തിൽ പ്രാവർത്തികമാക്കാനും അഭിരുചി വർദ്ധിപ്പിക്കുന്നതിനും നിരൂപണത്തിലും സർഗ്ഗാത്മകതയിലും സഹായിക്കുന്നു. അതിനായി ലക്ഷ്യമിടുന്ന സെക്കണ്ടറി സ്കൂളുകളിലെ പ്രവൃത്തി പരിശീലന പരിപാടി, പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കൽ, കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ധനസഹായം, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം, വികലാംഗരായ വിദ്യാർത്ഥി കൾക്ക് ധനസഹായം, ബഹുതല പഠനകേന്ദ്രങ്ങൾ, പ്രീ-പ്രൈമറി വിദ്യാഭ്യാസം ക്രോഡീകരിക്കൽ എന്നീ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 3-ൽ പരാമർശിച്ചിട്ടുള്ള മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം, വികലാംഗരായ വിദ്യാർത്ഥികൾക്ക് ധനസഹായം തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിനായി 2202-02-109-70- സ്കൂൾ വിദ്യാഭ്യാസം-വിദ്യാർത്ഥി കേന്ദ്രീകൃതം എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന നിയമസഭാ സമിതി യുടെ ശുപാർശ ധനകാര്യ വകു പ്പുമായി ആലോചിച്ച് വിശദമായി പരിശോധിച്ചതിൽ സംസ്ഥാനം നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ അധിക തുക അനുവദിക്കാൻ നിർവ്വാഹ മില്ല എന്നാണ് കണ്ടെത്തിയിരിക്കുന്നത്.

(സർക്കാർ കത്ത് നമ്പർ 42656/ആർ2/13/പൊ.വി.വ. തീയതി 24-2-2014)

ശിപാർശ (ഖണ്ഡിക 4)

2202-02-109-69—സ്കൂൾ വിദ്യാഭ്യാസം-അടിസ്ഥാന സൗകര്യം

സർക്കാർ സ്കൂൾ കെട്ടിടങ്ങളിൽ ഭൂരിഭാഗവും വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വേണ്ട രീതിയിൽ സംരക്ഷിക്കപ്പെടാത്തതുമാണെന്ന് സമിതി മനസ്സിലാക്കുന്നു. കുട്ടികൾ അൺഎയ്ഡഡ് സ്കൂളുകളിലേക്ക് മാറി പോകുന്നതിന് ഇത് ഒരു കാരണമാണ്. പരിസ്ഥിതി സൗഹൃദമായ അടിസ്ഥാന സൗകര്യവികസനത്തിലൂടെ ഈ പ്രവണത ഒരു പരിധിവരെ കുറയ്ക്കാനാകുമെന്ന് സമിതി കരുതുന്നു. സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ലക്ഷ്യമിടുന്നതിനോടൊപ്പം ഗവൺമെന്റ് സ്പെഷ്യൽ സ്കൂളുകളിലെ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സ്കൂളുകളിലെ വിവരവിനിമയ സാങ്കേതികവിദ്യ പദ്ധതി/എഡ്യൂക്കേഷണൽ ടെക്നോളജി സ്കീം, സർക്കാർ സ്കൂളുകളെ ആധുനികവൽക്കരിച്ച് അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. മാത്രമല്ല 'ഐ.ടി. അറ്റ് സ്കൂൾ' പദ്ധതിക്ക് ലഭിച്ചുവന്നിരുന്ന 75% കേന്ദ്രവിഹിതം നിർത്തലാക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 2000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതിമൂലം 2000 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന സമിതിയുടെ ശുപാർശയനുസരിച്ച് തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ 2014-15 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ 800 ലക്ഷം രൂപ അധികം അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 42475/പി2/13/പൊ.വി. തീയതി 10-6-2014)

ശിപാർശ (ഖണ്ഡിക 5)

4202-01-202-93—അടിസ്ഥാന സൗകര്യം-സ്കൂൾ വിദ്യാഭ്യാസം

പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലേയും സർക്കാർ സ്കൂളുകളെ ആധുനികവൽക്കരിച്ച് അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിനായി വിശാലമായ കെട്ടിടങ്ങൾ, ആഡിറ്റോറിയങ്ങൾ, സജ്ജീകരിച്ച ഭക്ഷണമുറികൾ, ലൈബ്രറികൾ, ലബോറട്ടറികൾ തുടങ്ങിയവ പണിയേണ്ടത് അനിവാര്യമാണ്. സർക്കാർ സ്കൂളുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിന് നിലവിലല്ലള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1000 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതികാരണം 2013-14 സാമ്പത്തിക വർഷത്തിൽ സമിതിയുടെ ശുപാർശ പ്രകാരം 1000 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ സാധിച്ചില്ല. എന്നാൽ 2014-15 സാമ്പത്തിക വർഷത്തിൽ ടി ശീർഷക

ത്തിൽ 600 ലക്ഷം രൂപ അധികം വകയിരുത്തുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 42475/പി2/13/പൊ.വി. തീയതി 10-6-2014)

ശിപാർശ (ഖണ്ഡിക 6)

2202-01-101-99—ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകൾ

സംസ്ഥാനത്തെ 2542 ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ 2009 മുതലുള്ള യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനുപുറമേ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതിമൂലം 2013-14 സാമ്പത്തിക വർഷത്തിൽ സമിതിയുടെ ശുപാർശപ്രകാരം 50 ലക്ഷം രൂപ അധികമായി നൽകണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ 2014-15 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 18017.09 ലക്ഷം രൂപ അധികം വകയിരുത്തുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 42475/പി2/13/പൊ.വി. തീയതി 10-6-2014)

ശിപാർശ (ഖണ്ഡിക 7)

2202-01-101-98—ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളുകൾ

സംസ്ഥാനത്തെ 953 ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ 2009 മുതലുള്ള യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തതകാരണം സമിതിയുടെ ശുപാർശയനുസരിച്ച് 30 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ സാധിച്ചില്ല. എന്നാൽ 2014-15 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 8552.09 ലക്ഷം രൂപ അധികമായി വകയിരുത്തുകയുണ്ടായി..

(സർക്കാർ കത്ത് നമ്പർ 42475/പി2/13/പൊ.വി. തീയതി 10-6-2014)

ശിപാർശ (ഖണ്ഡിക 8)

2202-01-102-99—ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം-ടീച്ചിംഗ് ഗ്രാന്റ്

സംസ്ഥാനത്തെ 5849 എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർ ഉൾപ്പെടെ

യുള്ള ജീവനക്കാരുടെ 2008 മുതലുള്ള യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് 80 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതിമൂലം 2013-14 സാമ്പത്തിക വർഷത്തിൽ സമിതിയുടെ ശുപാർശപ്രകാരം 80 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി നൽകണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കുന്നതിന് അനുമതി നൽകുകയുണ്ടായി. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ 47599.60 ലക്ഷം രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 42475/പി2/13/പൊ.വി. തീയതി 10-6-2014)

ശിപാർശ (ഖണ്ഡിക 9)

2202-01-104-99—പരിശോധന

സംസ്ഥാനത്തെ 163 എ.ഇ.ഒ. ഓഫീസുകളിലെ ജീവനക്കാരുടെ 2008 മുതലുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തതമൂലം സമിതിയുടെ ശിപാർശപ്രകാരം 40 ലക്ഷം രൂപ അധികം നൽകണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ സാധിച്ചില്ല. എന്നാൽ ടി ശീർഷകത്തിൽ 19 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കുന്നതിന് അനുമതി നൽകുകയുണ്ടായി. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ 903.94 ലക്ഷം രൂപ അധികമായി വകയിരുത്തുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 42475/പി2/13/പൊ.വി. തീയതി 10-6-2014)

ശിപാർശ (ഖണ്ഡിക 10)

2202-01-112-93—പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം

പ്രൈമറി സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണപരിപാടിയുടെ ഭാഗമായുള്ള ആഴ്ചയിൽ ഒരുമുട്ട എന്ന പദ്ധതിക്കുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2384 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതിമൂലം 2013-14 സാമ്പത്തിക വർഷത്തിൽ സമിതിയുടെ ശിപാർശപ്രകാരം 2384 ലക്ഷം രൂപ അധികമായി നൽകണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ സാധിച്ചില്ല. പ്രസ്തുത ശീർഷകത്തിൽ യാത്രാചെലവുകൾക്കായി 50,000 രൂപ

വകമാറ്റി ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതോടൊപ്പം 2014-15 സാമ്പത്തിക വർഷത്തിൽ 221.61 ലക്ഷം രൂപ അധികം വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 42475/പി2/13/പൊ.വി. തീയതി 10-6-2014)

ശിപാർശ (ഖണ്ഡിക 11)

2202-01-800-81—പി.ടി.എ.യുടെ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകർക്കും ആയമാർക്കുമുള്ള ധനസഹായം

പി.ടി.എ.യുടെ നിയന്ത്രണത്തിലുള്ള 1773 സ്കൂളുകളിലെ 1948 പ്രീ-പ്രൈമറി അദ്ധ്യാപികമാർക്കും 758 ആയമാർക്കും ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം യഥാക്രമം 5000, 3500 എന്ന നിരക്കിൽ സഹായധനം നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 677ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പി.ടി.എ. യുടെ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപികമാർക്കും ആയമാർക്കും ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം യഥാക്രമം 5000, 3500 എന്ന നിരക്കിൽ ധനസഹായം നൽകുന്നതിനായി 2013-14 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ 200 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 2782.56 ലക്ഷം രൂപ അധിക ധനാഭ്യർത്ഥനവഴി അനുവദിക്കുകയുണ്ടായി. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ 2260 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 42475/പി2/13/പൊ.വി. തീയതി 10-6-2014)

ശിപാർശ (ഖണ്ഡിക 12)

2202-02-001-99—ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ

വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ 380 ഉദ്യോഗസ്ഥരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ സമിതിയുടെ നിർദ്ദേശമനുസരിച്ച് 7.6 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കുന്നതിനും 2 ലക്ഷം രൂപ അധിക ധനാഭ്യർത്ഥന മുഖേനയും അനുവദിച്ചിട്ടുണ്ട്. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ 169.90 ലക്ഷം രൂപ അധികമായി ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുമുണ്ട്.

(സർക്കാർ കത്ത് നമ്പർ 42475/പി2/13/പൊ.വി. തീയതി 10-6-2014)

ശിപാർശ (ഖണ്ഡിക 13)

2202-02-001-98—മുഖ്യജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ)

സംസ്ഥാനത്തെ 14 വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തതമൂലം സമിതിയുടെ ശിപാർശ പ്രകാരം 25 ലക്ഷം രൂപ അധികം നൽകണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ സാധിച്ചില്ല. എന്നാൽ ടി ശീർഷകത്തിൽ 17 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കുന്നതിന്, അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ 581.71 ലക്ഷം രൂപ അധികമായി ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുമുണ്ട്.

(സർക്കാർ കത്ത് നമ്പർ 42475/പി2/13/പൊ.വി. തീയതി 10-6-2014)

ശിപാർശ (ഖണ്ഡിക 14)

2202-02-001-86—സംസ്ഥാന സ്കൂൾ യുവജനോത്സവം-സമ്മാനത്തുക

സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ വിജയികളാകുന്ന ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 2,000 രൂപ, 1,600 രൂപ, 1,200 രൂപ എന്നീ നിരക്കിലുള്ള സമ്മാനത്തുക നൽകിവരുന്നു. നിലവിലുള്ള ബഡ്ജറ്റ് വിഹിതം 2012-13-ലെ വിജയികൾക്ക് സമ്മാനം നൽകുന്നതിന് വകയിരുത്തിയിട്ടുള്ളതായതിനാൽ 2013-14-ലെ സ്കൂൾ യുവജനോത്സവ വിജയികൾക്ക് സമ്മാനത്തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 38 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതിമൂലം പ്രസ്തുത ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി നൽകണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ സാധിച്ചില്ല. 2014-15 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 42475/പി2/13/പൊ.വി. തീയതി 10-6-2014)

ശിപാർശ (ഖണ്ഡിക 15)

2202-02-101-99—ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ-പരിശോധന

38 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ 852 ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തതമൂലം 2013-14 സാമ്പത്തിക വർഷത്തിൽ

20 ലക്ഷം രൂപ അധികം നൽകണമെന്ന സമിതിയുടെ നിർദ്ദേശമനുസരിച്ച് തുകയൊന്നും അനുവദിക്കാൻ സാധിച്ചില്ല. എന്നാൽ 2014-15 സാമ്പത്തിക വർഷത്തിൽ ടി ശീർഷക ത്തിൽ 422.25 ലക്ഷം രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 42475/പി2/13/പൊ.വി. തീയതി 10-6-2014)

ശിപാർശ (ഖണ്ഡിക 16)

2202-02-109-99—ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകൾ

സംസ്ഥാനത്തെ 1006 ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകളിലെ ജീവനക്കാരുടെ 2008 മുതലുള്ള യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് ഈ ശീർഷക ത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതിമൂലം 2013-14 സാമ്പത്തിക വർഷത്തിൽ 30 ലക്ഷം രൂപ അധികമായി നൽകണമെന്ന നിർദ്ദേശമനുസരിച്ച് തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ 2014-15 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 15271.03 ലക്ഷം രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 42475/പി2/13/പൊ.വി. തീയതി 10-6-2014)

ശിപാർശ (ഖണ്ഡിക 17)

2202-02-110-99—ഗവൺമെന്റേതര സെക്കണ്ടറി സ്കൂളുകൾക്കുള്ള സഹായം-അദ്ധ്യാപന ത്തിനുള്ള സഹായം

സംസ്ഥാനത്തെ 1429 എയ്ഡഡ് ഹൈസ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള 2008 മുതലുള്ള കുടിശ്ശിക നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 47 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തതമൂലം 2013-14 സാമ്പത്തിക വർഷത്തിൽ 47 ലക്ഷം രൂപ അധികം നൽകണമെന്ന സമിതിയുടെ നിർദ്ദേശമനുസരിച്ച് 20 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കാൻ അനുവദിക്കുകയുണ്ടായി. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 18440.78 ലക്ഷം രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 42475/പി2/13/പൊ.വി. തീയതി 10-6-2014)

ശിപാർശ (ഖണ്ഡിക 18)

2202-80-800-98—കമ്മിറ്റികൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ജില്ലാതലത്തിൽ 2012-13-ൽ അദ്ധ്യാപകദിനം സംഘടിപ്പിച്ചതിന്റെ കുടിശ്ശിക നൽകുന്ന തിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതിമൂലം പ്രസ്തുത ശീർഷകത്തിൽ 50,000 രൂപ അധികം വകയിരുത്തണമെന്ന സമിതിയുടെ നിർദ്ദേശമനുസരിച്ച് തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ 2014-15 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 15,000 രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 42475/പി2/13/പൊ.വി. തീയതി 10-6-2014)

## ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

ശിപാർശ (ഖണ്ഡിക 19)

2202-03-112-95—സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്

സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും പരിഷ്കരിച്ച ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ടുണ്ടായ അധിക സാമ്പത്തിക ബാദ്ധ്യത നേരിടുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ തിനാൽ പദ്ധതിയേതരയിനത്തിൽ 101.51 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതി, പദ്ധതിയേതര ഇനങ്ങളിലായി സി.ഡി.എസിന് നടപ്പു സാമ്പത്തിക വർഷം 6.42 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിൽ നിലവിലെ പരിമിതമായ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ സി.ഡി.എസിന്റെ ശമ്പള പരിഷ്ക്കരണം മൂലമുണ്ടാകുന്ന ബാധ്യത നേരിടുന്നതിനുവേണ്ടി അധിക വിഹിതം അനുവദിക്കുവാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 10748/ഇ1/13/പ്ലാനിംഗ് തീയതി 10-2-2014)

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

ശിപാർശ (ഖണ്ഡിക 26)

2203-00-103-99—ടെക്നിക്കൽ ഹൈസ്കൂളുകൾ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 39 ടെക്നിക്കൽ ഹൈസ്കൂളുകളിൽ പലതും കാലപ്പഴക്കം ചെന്നതും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവയുമാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതും അടുത്ത കാലത്ത് സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചതുമായ ടെക്നിക്കൽ ഹൈസ്കൂളുകളിൽ ആധുനിക ഉപകരണങ്ങളും മെഷിനറികളും വാങ്ങുന്നതിനും പഴയ ടെക്നിക്കൽ ഹൈസ്കൂളുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടെക്നിക്കൽ ഹൈസ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായി 2203-00-103-99 ശീർഷക ത്തിൽ 100 ലക്ഷം രൂപ അനുവദിച്ചതിൽ 2013 ഒക്ടോബർ 31 വരെ 35.62 ലക്ഷം രൂപ ചെലവായി.

(സർക്കാർ കത്ത് നമ്പർ 24093/ജെ3/13/ഉ.വി.വ. തീയതി 11-6-2014)

<u>ശിപാർശ (ഖണ്ഡിക 31)</u>

2205-00-105-99—<u>ലൈബ്രറികൾ, ഗ്രന്ഥശാലാ സംഘം മുതലായവ</u>

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗ ലൈബ്രറികൾക്ക് വാർഷിക ഗ്രാന്റും ലൈബ്രേറിയൻ അലവൻസും നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 483.5 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ ഈ ശീർഷക ത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2012-13 സാമ്പത്തികവർഷം കൗൺസിലിന് ഗ്രാന്റ് നൽകിയത് ചില നിബന്ധന കൾക്ക് വിധേയമായാണ്. പ്രസ്തുത നിബന്ധനകൾ കൗൺസിൽ ഭാഗികമായെങ്കിലും പൂർത്തീകരിച്ചത് 2013-14 സാമ്പത്തികവർഷത്തിന്റെ അവസാനമാണ്. അതിനാൽ ശിപാർശ പ്രകാരമുള്ള തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 24092/എ2/13/ഉ.വി.വ. തീയതി 12-6-2014)

<u>ശിപാർശ (ഖണ്ഡിക 32)</u>

2204-00-102-90—<u>സംസ്ഥാനതല നാഷണൽ സർവ്വീസ് സ്കീം സെൽ</u>

എൻ.എസ്.എസ്. വോളന്റിയർമാരുടെ നേതൃത്വശേഷി വർദ്ധിപ്പിക്കുന്നതിനും അവരിൽ സ്വാശ്രയബോധം, സ്വതന്ത്രചിന്ത, ഉയർന്ന ദേശീയബോധം, മതനിരപേക്ഷത, ശക്തമായ മൂല്യബോധം, ദേശീയ പുനർനിർമ്മാണ പ്രക്രിയയിൽ പങ്കാളികൾ ആക്കുന്ന തിന്റെയും ഭാഗമായി ജില്ലാതല പരിശീലന പരിപാടികൾ നടത്തുന്നതിനായി 37.38 ലക്ഷം രൂപയും വർദ്ധിച്ചുവരുന്ന മദ്യം-മയക്കുമരുന്ന് ഉപയോഗത്തിന് എതിരെ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി യൂണിറ്റുതല പരിപാടികൾ നടത്തുന്നതിന് 55 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ശിപാർശ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല. എക്സൈസ് വകുപ്പ് മദ്യം-മയക്കുമരുന്ന് എന്നിവയ്ക്ക് എതിരെയുള്ള ബോധവൽക്കരണത്തിന് 10.37 ലക്ഷം രൂപ ലഭ്യമാക്കിയെന്ന് എൻ.എസ്.എസ്. അറിയിച്ചു.

(സർക്കാർ കത്ത് നമ്പർ 24092/എ2/13/ഉ.വി.വ. തീയതി 12-6-2014)

<u>ശിപാർശ (ഖണ്ഡിക 33)</u>

2204-00-102-99—<u>നാഷണൽ കേഡറ്റ് കോർ</u>

എൻ.സി.സി. കേഡറ്റുകൾക്കും എ.എൻ.ഒ.-മാർക്കും കൊടുക്കേണ്ട ലഘുഭക്ഷണ നിരക്ക് 2 രൂപയിൽ നിന്നും 15 രൂപയിലേക്ക് 25-10-2012 മുതൽ ഉയർത്തിയ സാഹചര്യത്തിൽ ഈ ഇനത്തിലുണ്ടായ അധികതുക നൽകുന്നതിനും കുടിശ്ശിക തീർക്കുന്നതിനുമായി 1237 ലക്ഷം രൂപ '34—മറ്റു ചെലവുകൾ' എന്ന ശീർഷകത്തിലും 15 ലക്ഷം രൂപ യാത്രാബത്ത ഇനത്തിലും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

34—മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ സർക്കാരിൽ ലഭിച്ച പ്രൊപ്പോസലിൻ പ്രകാരം 5 കോടി രൂപ 2013-14 സാമ്പത്തികവർഷം അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 24092/എ2/13/ഉ.വി.വ. തീയതി 12-6-2014)

<u>ശിപാർശ (ഖണ്ഡികകൾ 35, 43)</u>

2203-00-800-97—<u>ശാസ്ത്ര സാങ്കേതിക മ്യൂസിയം ഗ്രാന്റ്</u>

ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ എഡ്യൂക്കേഷണൽ ഔട്ട്റീച്ച് പ്രോഗ്രാമിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് വടക്കൻ ജില്ലകളിൽ പര്യടനം നടത്തി പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിന് 100 ലക്ഷം രൂപയും ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വളർത്തി കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട ഇൻകൾക്കേറ്റ് പ്രോഗ്രാമിന്റെ കാര്യക്ഷമമായ നടത്തിപ്പിന് 130 ലക്ഷം രൂപയും കോട്ടയം റീജിയണൽ സയൻസ് സെന്ററിന്റെ 'സയൻസ് സിറ്റി' പദ്ധതിക്ക് 1700 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-800-58—<u>കേരള ചരിത്ര ഗവേഷണ കൗൺസിൽ</u>

ചരിത്ര ഗവേഷണ കൗൺസിലിന്റെ പദ്ധതികളായ ഗവേഷണ ഫെലോഷിപ്പുകൾ, കേരളത്തിന്റെ ചരിത്ര ഭൂപട നിർമ്മാണം, പുരാവസ്തു പര്യവേഷണവും സർവ്വേയും, കേരളത്തിന്റെ സമകാലീന ചരിത്ര ഗ്രന്ഥശേഖരം തയ്യാറാക്കുക, കേരളത്തിന്റെ പൈതൃകവുമായി ബന്ധപ്പെട്ട രേഖകളുടെ ഡിജിറ്റൈസേഷൻ, മലയാളികളുടെ കുടിയേറ്റവുമായി ബന്ധപ്പെട്ട പഠനം, ലൈബ്രറി നവീകരണം, പ്രസിദ്ധീകരണങ്ങൾ, അന്താരാഷ്ട്രതലത്തിൽ സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുക, മുസിരീസ് പൈതൃക പദ്ധതി, ചരിത്ര ഗവേഷണ കൗൺസിലിന്റെ കെട്ടിട നിർമ്മാണം, ഓഫീസ് നവീകരണം എന്നീ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 41.84 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോട്ടയത്തെ സയൻസ് സിറ്റിയിൽ സ്പെയ്സ് തീയറ്റർ സ്ഥാപിക്കുന്നതിനായി പ്രസ്തുത പദ്ധതി മെഗാ പ്രോജക്ടിൽ ഉൾപ്പെടുത്തി 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റ് ശിപാർശകൾക്ക് വിഭവലഭ്യതയുടെ പരിമിതികാരണം അധിക തുക അനുവദിക്കാൻ കഴിയില്ല എന്നിരുന്നാലും ധനപുനർവിനിയോഗത്തിനുള്ള വ്യക്തമായ ശിപാർശ ലഭിക്കുകയാണെങ്കിൽ അധികതുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 24096/കെ2/13/ഉ.വി.വ. തീയതി 17-5-2014)

ശിപാർശ (ഖണ്ഡികകൾ 36, 37)

2203-00-800-91—കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രം

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി.ആപ്റ്റ്)-ലെ പിരിച്ചുവിടപ്പെട്ട ജീവനക്കാരുടെ ശമ്പള കുടിശ്ശിക, നിലവിലുള്ള ജീവനക്കാരുടെ ശമ്പള കുടിശ്ശിക, സാധനസാമഗ്രികൾ വാങ്ങിയതിലുള്ള സബ്സെന്ററുകളിലെ ക്രെഡിറ്റേഴ്സിന്റെ കുടിശ്ശിക, സബ്സെന്ററുകളിലെ കെട്ടിട ഉടമകളുടെ വാടക കുടിശ്ശിക എന്നിവ സംബന്ധിച്ച ചെലവുകൾക്കായി പദ്ധതിയേതര ഇനത്തിൽ 776.70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സി.ആപ്റ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ബ്രെയിലിയുമായി ബന്ധപ്പെട്ട വിഭവകേന്ദ്രം സ്ഥാപിക്കുക, ഹെഡ് ഓഫീസ് കോംപ്ലക്സുകളുടെ ശാക്തീകരണം, ഹെഡ് ഓഫീസുകളുടെയും സബ്ഓഫീസുകളുടെയും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും വിപുലീകരണവും പാലായിലും കോഴിക്കോട്ടുമുള്ള സബ്സെന്ററുകളിൽ ഉൽപ്പാദന യൂണിറ്റും പാലായിലെ സബ്സെന്ററിൽ ലോട്ടറി പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കുക, പരിശീലന വിഭാഗങ്ങളുടെ ശാക്തീകരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനും വിവിധ യൂണിറ്റുകൾക്ക് യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനുമായി 22.15 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന നൂതന അച്ചടി പരിശീലനകേന്ദ്രം (സി-ആപ്റ്റ്) വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായതിനാൽ ടി സ്ഥാപനത്തിന്റെ പദ്ധതിയേതര ചെലവുകൾക്ക് 48.30 ലക്ഷം രൂപയും, പദ്ധതി പ്രവർത്തനങ്ങൾക്ക് 2 കോടി രൂപയും സർക്കാർ ധനസഹായമായി നടപ്പുവർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും, സംസ്ഥാനത്തിന്റെ പരിമിതമായ വിഭവലഭ്യത പശ്ചാത്തലത്തിൽ അധിക ധനസഹായം അനുവദിക്കുക പ്രായോഗികമല്ല എന്നതിനാലും ടി സ്ഥാപനം അതിന്റെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തി നൂതന വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തി പദ്ധതി-പദ്ധതിയേതര പ്രവർത്തനങ്ങൾക്കുള്ള അധികവിഭവം സ്വരൂപിക്കേണ്ടതാണ്.

(സർക്കാർ കത്ത് നമ്പർ 24601/കെ3/13/ഉ.വി.വ. തീയതി 1-11-2013)

ശിപാർശ (ഖണ്ഡിക 44)

2202-03-800-73—ഉന്നതവിദ്യാഭ്യാസ കൗൺസിൽ

ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ സെന്റർ ഫോർ റിസർച്ച് ഓൺ പോളിസീസ് ഇൻ ഹയർ എഡ്യൂക്കേഷൻ, സെന്റർ ഫോർ കരിക്കുലം ഡെവലപ്മെന്റ് ആന്റ് എക്സാമിനേഷൻ റിഫോംസ്, സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ് എന്നിവയുടെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ, നിലവിലുള്ള മൂന്ന് കോളേജ് ക്ലസ്റ്ററുകൾക്ക് അധിക സാമ്പത്തിക സഹായം, ഇൻസ്റ്റിറ്റ്യൂഷൻ-ഇൻഡസ്ട്രി പ്ലാറ്റ്ഫോം രൂപീകരണം, സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമും ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാമും, സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ രൂപീകരണം, പ്രോജക്ട് ഫൈനാൻസിംഗ്, നോൺ ടീച്ചിംഗ് ജീവനക്കാർക്കുള്ള പരിശീലനം, സ്കോളർഷിപ്പ് വിതരണം, എറുഡേറ്റ് പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 937 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തികവർഷം ബഡ്ജറ്റ് വിഹിതമായ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് അനുവദിച്ചിരുന്ന 1100 ലക്ഷം രൂപയ്ക്ക് പുറമേ അധികമായി 937 ലക്ഷം രൂപ അനുവദിക്കുന്നതിന് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. എന്നാൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിച്ചശേഷം അധികമായി ആവശ്യമുള്ള തുകയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഉന്നതവിദ്യാഭ്യാസ കൗൺസിലിനോട് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ കൗൺസിലിൽനിന്നും അധിക തുക ആവശ്യപ്പെട്ട് പ്രൊപ്പോസലൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത വർഷം വീണ്ടും തുക അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 18518/സി2/14/ഉ.വി.വ. തീയതി 11-6-2014)

ശിപാർശ (ഖണ്ഡികകൾ 45, 46, 47, 48, 49, 50, 51, 52, 53, 54)

2202-03-102-98—കോഴിക്കോട് സർവ്വകലാശാല

കോഴിക്കോട് സർവ്വകലാശാല നടപ്പിലാക്കുന്ന വിവിധ അക്കാദമിക പ്രവർത്തനങ്ങൾ, വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ, ഊർജ്ജ/ജല സംരക്ഷണ പ്രവർത്തനം, സർവ്വകലാശാലയുടെ പുതിയ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിന് നിലവിൽ പദ്ധതിയിനത്തിൽ അനുവദിച്ചിരുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 8641 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കോഴിക്കോട് സർവ്വകലാശാലയിലെ ശമ്പള പരിഷ്കരണംമൂലമുണ്ടായ അധിക ബാധ്യത നിറവേറ്റുന്നതിന് പദ്ധതിയേതരയിനത്തിൽ 4437.85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-99—കേരള സർവ്വകലാശാല

കേരളസർവ്വകലാശാലയിൽ ശമ്പളം, പെൻഷൻ, അലവൻസുകൾ, മറ്റ് പദ്ധതിയേതര ചെലവുകൾ എന്നിവയിലുണ്ടായ വർദ്ധനവ് നേരിടുന്നതിന് പദ്ധതിയേതര ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2765.82 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-93—സംസ്കൃത സർവ്വകലാശാല

ശ്രീശങ്കരാചാര്യ സർവ്വകലാശാലയുടെ ആഭ്യന്തരവരുമാനം മറ്റ് സർവ്വകലാശാലകളെ അപേക്ഷിച്ച് കുറവായതിനാലും അധിക വരുമാനം ലഭിക്കുന്ന സ്വാശ്രയ കോഴ്സുകളും സ്ഥാപനങ്ങളും ഈ സർവ്വകലാശാലയിൽ ഇല്ലാത്തതിനാലും പദ്ധതിയേതര ഇനങ്ങളിലുണ്ടാകുന്ന അധിക ചെലവ്, യു.ജി.സി. ശമ്പള കുടിശ്ശിക, ആർ.ഐ.ഡി.എഫ്. സ്കീം, നിലവിലുള്ള ബാധ്യതകൾ, നാക് അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള ചെലവ് എന്നിവ നേരിടുന്നതിന് പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ 6037.69 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-92—കണ്ണൂർ സർവ്വകലാശാല—ധനസഹായം

കണ്ണൂർ സർവ്വകലാശാലയിൽ ഭൂമി ഏറ്റെടുക്കുക, നിർമ്മാണ പ്രവർത്തനങ്ങൾ, നിലവിലുള്ള പഠന വിഭാഗങ്ങൾ അഭിവൃദ്ധിപ്പെടുത്തുക, പുതുതായി പഠന വിഭാഗങ്ങൾ രൂപീകരിക്കുക, നിലവിലുള്ള പഠന ഇതര വിഭാഗങ്ങൾ അഭിവൃദ്ധിപ്പെടുത്തുക, പുതുതായി യൂണിവേഴ്സിറ്റി സെന്ററുകളും മറ്റു വിഭാഗങ്ങളും രൂപീകരിക്കുക, ഗവേഷണ പദ്ധതികൾ, സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുക, മഴവെള്ള സംഭരണി നിർമ്മാണം എന്നീ പദ്ധതികൾ നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2535 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കണ്ണൂർ സർവ്വകലാശാലയിൽ അദ്ധ്യാപകർക്ക് യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക വിതരണം ചെയ്യുന്നതിനായി പദ്ധതിയേതര ഇനത്തിൽ 460 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-97—മഹാത്മാ ഗാന്ധി സർവ്വകലാശാല

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അടിസ്ഥാനസൗകര്യ വികസനവും നിർമ്മാണ പ്രവർത്തനങ്ങളും, ലബോറട്ടറി/ലൈബ്രറി നവീകരണം, നിലവിലുള്ള സ്കൂൾ/ഡിപ്പാർട്ട്മെന്റ് മെച്ചപ്പെടുത്തുക, കമ്പ്യൂട്ടർവൽക്കരണം, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾക്കായുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 900 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ശമ്പളം, പെൻഷൻ, പരീക്ഷാ ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, മറ്റ് ബാധ്യതകൾ എന്നിവ നേരിടുന്നതിന് പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 1015 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-102-99—കൊച്ചി യൂണിവേഴ്സിറ്റി

കൊച്ചി സർവ്വകലാശാലയ്ക്ക് അടിസ്ഥാനസൗകര്യ രംഗത്ത് നിലവിലുള്ള പരിമിതികളും അപര്യാപ്തതകളും പരിഹരിച്ച് ഭാവി അക്കാദമിക് പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പദ്ധതിയിനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്ത മായതിനാൽ ഈ ഇനത്തിൽ 3230 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കൊച്ചി സർവ്വകലാശാലയിൽ 2010 മുതൽ നടപ്പാക്കിയ ശമ്പള/പെൻഷൻ പരിഷ്കരണംമൂലമുണ്ടായ അധിക ബാധ്യത, ധനകമ്മി നികത്തുന്നതിന് ഇതര സ്രോതസ്സു കളിൽ നിന്നെടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ്, പദ്ധതിയേതര ചെലവുകളിൽ ഉണ്ടാകുന്ന വർദ്ധനവുമൂലമുള്ള അധിക ബാധ്യത എന്നിവ നേരിടുന്നതിന് പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 8000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാരിന്റെ നിലവിലെ വിഭവശേഷി അനുകൂലമല്ലാത്തതിനാൽ സർവ്വകലാശാല കളുടെ ഗ്രാന്റ് വിഹിതം വർദ്ധിപ്പിക്കണമെന്ന ശിപാർശ നടപ്പാക്കാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 24097/ബി1/13/ഉ.വി.വ. തീയതി 10-12-2013)

<u>ശിപാർശ (ഖണ്ഡിക 55)</u>

2202-03-103-89—<u>കോഴിക്കോട് ലോ കോളേജ്</u>

കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിലെ ഇലക്ട്രിക്കൽ വർക്കുകൾ, ലൈബ്രറി ഡിജിറ്റൈസേഷൻ, സോളാർ പാനൽ സ്ഥാപിക്കുക, ഉപകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ വാങ്ങുക, സെമിനാറുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുക എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 30 ലക്ഷം രൂപയും 2013-14 വർഷത്തെ വർക്ക്ലോഡ് അനുസരിച്ച് ബി.ബി.എ., എൽ.എൽ.ബി. എന്നിവയ്ക്ക് അധികമായി ആവശ്യംവരുന്ന ഗസ്റ്റ് ലക്ച്ചറർമാർക്ക് ശമ്പളം നൽകുന്നതിന് പദ്ധതിയേതര ഇന ത്തിൽ 10 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിന് പദ്ധതിയിനത്തിലും പദ്ധതിയേതര ഇനത്തിലും 2013-14 സാമ്പത്തികവർഷം സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിരുന്ന തുക സാമ്പത്തികസ്ഥിതി മോശമാകയാൽ നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 18518/സി2/14/ഉ.വി.വ. തീയതി 11-6-2014)

<u>ശിപാർശ (ഖണ്ഡിക 56)</u>

2202-03-103-92—<u>തിരുവനന്തപുരം ലോ കോളേജ്</u>

തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിൽ മേട്രൻ, സെക്യൂരിറ്റി സ്റ്റാഫ് എന്നിവർക്ക് ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക

അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 2.17 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജ് ഹോസ്റ്റലിലെ മേട്രൻ, സെക്യൂരിറ്റി സ്റ്റാഫ് എന്നിവരുടെ ശമ്പള ഇനത്തിൽ സമിതി ശിപാർശ ചെയ്തിരുന്ന 2.17 ലക്ഷം രൂപ ഉൾപ്പെടെ അധികമായി വേണ്ടിയിരുന്ന ആകെ 4.44 ലക്ഷം രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 18518/സി2/14/ഉ.വി.വ. തീയതി 11-6-2014)

ശിപാർശ (ഖണ്ഡിക 57)

4202-01-203-99—ലോ കോളേജുകൾ ഉൾപ്പെടെ കോളേജുകളുടേയും ഹോസ്റ്റലുകളുടേയും കെട്ടിടനിർമ്മാണം

ലോ കോളേജുകൾ ഉൾപ്പെടെ വിവിധ കോളേജുകളുടെ ഹോസ്റ്റൽ നിർമ്മാണത്തിനുള്ള പല പണികളും ടെണ്ടർ ചെയ്യുകയും ആരംഭിക്കുകയും ചെയ്തെങ്കിലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 1000 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

4202-01-203-99 എന്ന ശീർഷകം പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണാധികാരത്തിലുള്ളതാണ്. ആയതിനാൽ ലോ കോളേജുകൾ ഉൾപ്പെടെയുള്ള വിവിധ കോളേജുകളുടെ ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തികൾക്കായി അധിക തുകയ്ക്കുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ 2013-14-ൽ അധികതുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 18518/സി2/14/ഉ.വി.വ. തീയതി 11-6-2014)

ശിപാർശ (ഖണ്ഡിക 58)

4202-01-203-96—കോളേജുകളുടേയും ഹോസ്റ്റലുകളുടേയും കെട്ടിട നിർമ്മാണം (ആർ.ഐ.ഡി.എഫ്)

നെടുമങ്ങാട് ഗവൺമെന്റ് കോളേജ് അഡീഷണൽ ഫ്ളോർ, പുല്ലൂറ്റ് കെ.കെ.റ്റി.എം. ഗവൺമെന്റ് കോളേജ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കൽപ്പറ്റ ഗവൺമെന്റ് കോളേജ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിനും പല സർക്കാർ കോളേജുകളിലെയും ഭൗതികസൗകര്യ വികസനം നടത്തുന്നതിനും അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പുതിയ പണികൾ ഏറ്റെടുക്കുന്നതിനായി 1500 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

4202-01-203-96 എന്ന ശീർഷകം പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണാധികാരത്തിലുള്ളതാണ്. ആയതിനാൽ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി കോളേജു

കളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണത്തിന് അധികതുക അഭ്യർത്ഥിച്ചു കൊണ്ട് ശിപാർശകൾ ലഭിച്ചിട്ടില്ലാത്തതിനാൽ 2013-14 വർഷത്തിൽ അധികതുക നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 18518/സി2/14/ഉ.വി.വ. തീയതി 11-6-2014)

ശിപാർശ (ഖണ്ഡിക 59)

4202-02-103-99—ടെക്നിക്കൽ ഹൈസ്കൂളുകൾ—കെട്ടിടങ്ങൾ

കുളത്തൂർ, അടിമാലി, ഉളളൂർ, മാനന്തവാടി, കൊടുങ്ങല്ലൂർ, ചെറുവത്തൂർ, നടുവിൽ, തിക്കോയി, ദ്വാരക, കൃഷ്ണപുരം, നന്നാമുക്ക് എന്നീ ടെക്നിക്കൽ ഹൈസ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനും പുറപ്പുഴ, ഉള്ളൂർ തുടങ്ങിയ ടി.എച്ച്.എസുകളുടെ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനുമായി 2013-14-ലേക്ക് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 500 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

4202-02-103-99 എന്ന ശീർഷകത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പാണ് നടപ്പിലാക്കിവരുന്നത്. ടി നിർദ്ദേശം തുടർനടപടിക്കായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭിച്ച പ്ലാൻ പ്രോഗ്രസ് റിപ്പോർട്ട് പ്രകാരം ഈ ഹെഡിൽ 2013 സെപ്റ്റംബർ മാസം 272.72 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പാണ് സ്വീകരിക്കേണ്ടത്.

(സർക്കാർ കത്ത് നമ്പർ 24093/ജെ3/13/ഉ.വി.വ. തീയതി 11-6-2014)

## തൊഴിലും പുനരധിവാസവും വകുപ്പ്

ശിപാർശ (ഖണ്ഡിക 63)

4202-02-800-86—ഐ.ടി.ഐ.-കളിൽ സ്ത്രീകൾക്കായി വിശ്രമ മുറികൾ, ഡ്രെസ്സിംഗ് റൂമുകൾ, ടോയ്ലറ്റുകൾ എന്നിവയുടെ നിർമ്മാണം

ഈ ശീർഷകത്തിൽ 2013-14-ലേക്ക് തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 150 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഐ.ടി.ഐ.-കളുടെ നവീകരണ പ്രവൃത്തികൾക്കായി 2013-14 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ 45 കോടി രൂപ വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ ഐ.ടി.ഐ.-കളിൽ സ്ത്രീകൾക്കുള്ള വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിനാവശ്യമായ 150 ലക്ഷം രൂപ ടി 45 കോടി രൂപയിൽനിന്നും കണ്ടെത്താവുന്നതാണെന്നും ടി പ്രവൃത്തികൾക്ക് പ്രത്യേകമായി തുക അനുവദിക്കുന്നത് നിലവിലെ പരിമിതമായ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ പ്രായോഗികമല്ലെന്നും ഉള്ള ധനകാര്യ വകുപ്പിന്റെയും ആസൂത്രണ

സാമ്പത്തികകാര്യ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന 10 ഗവ. ഐ.ടി.ഐ.-കളിൽ "2230-03-101-87—Modernisation of ITIs-34-OC—other items (Plan) 2013-14" എന്ന ശീർഷകത്തിൽനിന്നും 150 ലക്ഷം രൂപ ചെലവഴിച്ച് സ്ത്രീകൾക്കായി വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കുവാൻ 17-3-2014 തീയതിയിലെ സ.ഉ. (സാധാ.)നമ്പർ 383/2014/തൊഴിൽ എന്ന ഉത്തരവിൻ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

1. ഐ.ടി.ഐ. കാസർഗോഡ്
2. ഐ.ടി.ഐ. കയ്യൂർ
3. ഐ.ടി.ഐ. മലമ്പുഴ
4. ഐ.ടി.ഐ. കുഴൽമന്ദം
5. ഐ.ടി.ഐ. മാള
6. ഐ.ടി.ഐ. കളമശ്ശേരി
7. ഐ.ടി.ഐ. പള്ളിക്കത്തോട്
8. ഐ.ടി.ഐ. ചാക്ക, തിരുവനന്തപുരം
9. ഐ.ടി.ഐ. കട്ടപ്പന
10 ഐ.ടി.ഐ. നിലമ്പൂർ

(സർക്കാർ കത്ത് നമ്പർ 16906/സി4/13/തൊഴിൽ തീയതി 28-4-2014)

## കായിക യുവജനകാര്യ വകുപ്പ്

ശിപാർശ (ഖണ്ഡിക 66)

2204-00-104-61—മലപ്പുറം മഞ്ചേരിയിൽ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും നിർമ്മാണം

മലപ്പുറം മഞ്ചേരിയിലെ സ്റ്റേഡിയത്തിന്റെയും സ്പോർട്സ് കോംപ്ലക്സിന്റെയും നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

16-8-2013-ലെ സർക്കാർ ഉത്തരവ് (സാധാ.)നമ്പർ 148/13/കാ.യു.വ. പ്രകാരം 4 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 2620/എ1/13/കാ.യു.വ. തീയതി 16-5-2014)

ശിപാർശ (ഖണ്ഡിക 67)

2204-00-104-97—കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ജീവനക്കാരുടെ ശമ്പളം, സർവ്വീസ് പെൻഷൻ, ഡി.എ., ഡി.എ. കുടിശ്ശിക, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷക ത്തിൽ 7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാന സ്പോർട്സ് കൗൺസിലിന് പദ്ധതിയേതര അധിക വിഹിതമായി 2 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. [സർക്കാർ ഉത്തരവ് (സാധാ.)നമ്പർ 59/14/ കാ.യു.വ. തീയതി 17-3-2014.]

(സർക്കാർ കത്ത് നമ്പർ 2620/എ1/13/കാ.യു.വ. തീയതി 16-5-2014)

ശിപാർശ (ഖണ്ഡിക 68)

2204-00-103-98—യൂത്ത് വെൽഫെയർ ബോർഡ്

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പദ്ധതികളായ കേരളോത്സവം, യുവശക്തി, ബ്ലോക്ക് യൂത്ത് റിസോഴ്സ് കേന്ദ്രങ്ങളുടെ സ്ഥാപനം, സ്റ്റേറ്റ് യൂത്ത് ഭവൻ (തലസ്ഥാനത്ത് ആസ്ഥാനമന്ദിരം) നിർമ്മാണം, യുവജനസംഗമം എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 35 കോടി രൂപയും ജീവനക്കാരുടെ ശമ്പളം, റ്റി.എ., ഓഫീസ് ചെലവുകൾ, പി.ഒ.എൽ. എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 175 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ പദ്ധതി/പദ്ധതിയേതര ഇനങ്ങളിൽ അധിക തുക ധനകാര്യവകുപ്പ് അനുവദിച്ചു നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 387/ബി2/14/കാ.യു.വ. തീയതി 13-3-2014)

## സാംസ്കാരികകാര്യ വകുപ്പ്

ശിപാർശ (ഖണ്ഡിക 69)

2205-00-102-97—കേരള സാഹിത്യ അക്കാഡമി—ധനസഹായം

കേരള സാഹിത്യ അക്കാഡമി വിഭാവനം ചെയ്തു മുന്നോട്ടുവച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും, ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ തുടർപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും ദേശീയ സാഹിത്യസമ്മേളനം, ലോക കാവ്യോത്സവം പോലുള്ള പദ്ധതികൾ നടത്തുന്നതിനും മലയാളം ശ്രേഷ്ഠ ഭാഷാപദവിയിൽ എത്തുന്നതോടെ പ്രാചീനഗ്രന്ഥങ്ങൾ ഡിജിറ്റൽ രൂപത്തിൽ ഇന്റർനെറ്റിൽ ലഭ്യമാക്കുന്നതിനുള്ള ഡിജിറ്റൈസേഷൻ പദ്ധതി ത്വരിതപ്പെടുത്തുന്നതിനും കമലാസുരയ്യ സാംസ്കാരിക സമുച്ചയം പണി പൂർത്തിയാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയും സാഹിത്യ അക്കാഡമി

യിലെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് സ്ഥാപന ചെലവുകൾക്കുമായി പദ്ധതിയേതര ഇനത്തിൽ 52.16 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ കേരള സാഹിത്യ അക്കാഡമിക്ക് പദ്ധതിയിനത്തിൽ 200 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 87.84 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. എന്നാൽ നിയമസഭാ സമിതി ശിപാർശ ചെയ്തിരിക്കുന്ന പ്രകാരം കൂടുതൽ തുക അനുവദിക്കാൻ സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 5496/എ1/13/സി.എ.ഡി. തീയതി 20-3-2014)

ശിപാർശ (ഖണ്ഡികകൾ 70, 71, 74, 81, 90, 93, 94)

2205-00-101-96—ജവഹർ ബാലഭവൻ

തിരുവനന്തപുരം ജവഹർ ബാലഭവന്റെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കിയിട്ടുള്ള മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെയും കുട്ടികളുടെ താമസ ത്തിനായി 200 കിടക്കകളുള്ള ഡോർമെട്രിയുടെയും നിർമ്മാണത്തിനും ജവഹർലാൽ നെഹ്റുവിന്റെ അർദ്ധകായ പ്രതിമ സ്ഥാപിക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തി യിട്ടില്ല. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി ഈ ശീർഷകത്തിൽ പദ്ധതിയി നത്തിൽ 280 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരളത്തിലെ അഞ്ച് ജവഹർ ബാലഭവനുകളിലേയും ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണംമൂലമുണ്ടായിട്ടുള്ള അധിക ബാധ്യത നേരിടുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ 236 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-55—കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ

കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളായ കൾച്ചറൽ ടൂറിസം & ടൂറിസ്റ്റ് അമിനിറ്റീസ് സെന്റർ, നാഷണൽ മ്യൂസിയം ഓഫ് ഹെറിറ്റേജ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസേർച്ച് & ഡവലപ്പ്മെന്റ്, ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ, ഇന്റർനാഷണൽ ലൈബ്രറി, ലിവിംഗ് ആതേഴ്സ് സെന്റർ ഫോർ സ്റ്റഡി ഓഫ് ഇന്ത്യൻ ആർട്സ് എന്നിവ നടപ്പാക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-76—ഗുരുഗോപിനാഥ് നടനഗ്രാമം

നൃത്ത-സംഗീത രംഗത്തെ പരിപോഷിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ

നടത്തുന്ന ഗുരു ഗോപിനാഥ് നടന ഗ്രാമത്തിന്റെ ദേശീയ നൃത്ത മ്യൂസിയം പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിന്റെ പ്രധാന കവാടം കലാപരമായി മോടിപിടിപ്പിക്കൽ, പ്രവേശന കവാടം മുതൽ മ്യൂസിയം വരെയുള്ള പാതയിൽ ഇന്റർലോക്ക് പാകൽ, ദേശീയ നൃത്ത മ്യൂസിയത്തിന് മുൻഭാഗത്ത് കുളം നിർമ്മിച്ച് അതിന് മദ്ധ്യഭാഗത്തായി ഭരതമുനിയുടെ 20 അടി ഉയരമുള്ള പ്രതിമ സ്ഥാപിക്കൽ, റോഡ് വശത്തെ പ്രവേശന കവാടം നിർമ്മാണം, ഗാർഡനിംഗ് പ്രവർത്തനം ഉദ്ഘാടനം സംബന്ധിച്ച ചെലവുകൾ എന്നിവയ്ക്കും ദേശീയ നൃത്ത മ്യൂസിയം പദ്ധതിയുമായി ബന്ധപ്പെട്ടുള്ള അനുബന്ധ പ്രവർത്തനങ്ങൾക്കും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 53 ലക്ഷം രൂപയും ശമ്പളം, അലവൻസുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 15 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-86—<u>കഥകളി വിദ്യാലയം (തെക്കൻ കളരി)</u>

കഥകളി, കൂടിയാട്ടം എന്നീ കലകളുടെ പ്രചരണത്തിനും പരിപോഷണത്തിനുമായി പ്രവർത്തിക്കുന്ന മാർഗിയുടെ കഥകളി വിഭാഗത്തിൽ 26 കലാകാരൻമാർ ഉണ്ട്. ആട്ടക്കഥകൾ കൃത്യമായി ചൊല്ലിയാടി ഈ കലാകാരന്മാർക്ക് കഥകൾ ഹൃദ്യമായ രീതിയിൽ അരങ്ങത്ത് അവതരിപ്പിക്കുന്നതിനുള്ള വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും കൂടാതെ ചൊല്ലിയാടിയ കഥകൾ മാർഗിയിൽ വിശദമായ രീതിയിൽ അവതരിപ്പിക്കുന്ന തിനും ശനി, ഞായർ ദിവസങ്ങളിൽ സ്കൂൾ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് കഥകളി വേഷം, ചെണ്ട, മദ്ദളം, പാട്ട്, ചുട്ടി എന്നീ വിഷയങ്ങളിൽ സൗജന്യമായി ക്ലാസ്സുകൾ നടത്തുന്നതിനും പരമ്പരാഗത രീതിയിൽ ജൂൺ, ജൂലൈ മാസങ്ങളിൽ കലാകാരന്മാർക്കുള്ള ഉഴിച്ചിൽ മുതലായവ നടത്തുന്നതിനും പുതിയ കഥയോ രംഗത്ത് അവതരിപ്പിച്ച് പ്രചുരപ്രചാരം ലഭിക്കാത്ത ചിട്ട പ്രധാനമായ കഥകളോ ചൊല്ലിയാടി അവ സമ്പൂർണ്ണമായി രംഗത്ത് അവതരിപ്പിക്കുവാനുള്ള വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും കൂടാതെ കൂടിയാട്ട വിഭാഗത്തിൽ ക്ലാസുകൾ നടത്തുന്നതിനും സ്റ്റൈപ്പന്റ് നൽകുന്നതിനും ക്ലാസുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിനും വർണ്ണാഭമായ വേഷവിധാനങ്ങൾ, കിരീടം, ആടയാഭരണങ്ങൾ, വാദ്യോപകരണങ്ങൾ തുടങ്ങിയവയ്ക്കും ഇതര ഇനങ്ങൾക്കുള്ള ചെലവുകൾക്കുമായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-41—<u>സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപന ങ്ങൾക്കുമുള്ള ധനസഹായം</u>

സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള അനാവർത്തനേതര ധനസഹായം ലഭ്യമാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-98—<u>പ്രമുഖരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സ്മാരകങ്ങൾ</u>

പ്രമുഖരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും ഉചിതമായ സ്മാരകങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തെ ജവഹർ ബാലഭവനുകൾക്ക് പദ്ധതിയിനത്തിൽ 80 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 38.50 ലക്ഷം രൂപയും തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന് പദ്ധതിയിനത്തിൽ 38 ലക്ഷം രൂപയും വട്ടിയൂർക്കാവ് ഗുരുഗോപിനാഥ് നടനഗ്രാമത്തിന് പദ്ധതിയിനത്തിൽ 30 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 31.87 ലക്ഷം രൂപയും മാർഗ്ഗി, തിരുവനന്തപുരത്തിന് 35 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനാവർത്തന ഗ്രാന്റ് നൽകുന്നതിന് 45 ലക്ഷം രൂപയും പ്രശസ്തരായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും സ്മാരകങ്ങൾ നിർമ്മിക്കുന്നതിന് 125 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. എന്നാൽ നിയമസഭാ സമിതി ശുപാർശ ചെയ്തിരിക്കുന്ന പ്രകാരം സാംസ്കാരിക സ്ഥാപനങ്ങൾക്കും സംഘടനകൾക്കും കൂടുതൽ തുക അനുവദിക്കാൻ സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 5504/എ2/13/സി.എ.ഡി. തീയതി 15-1-2014)

ശിപാർശ (ഖണ്ഡിക 72)

2205-00-102-40—വിവിധോദ്ദേശ സാംസ്കാരിക സമുച്ചയ സംഘം

മൾട്ടി പർപ്പസ് കൾച്ചറൽ കോംപ്ലക്സ് സൊസൈറ്റി (വൈലോപ്പിള്ളി സംസ്കൃതി ഭവൻ)-യുടെ പദ്ധതികളായ ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ ജില്ലകളിലും ക്യാമ്പുകൾ സംഘടിപ്പിക്കുക, പ്രതിവാര പരിപാടികളിൽ കൂടുതൽ കലാകാരന്മാരെ പങ്കെടുപ്പിക്കുകയും അവർക്ക് പ്രതിഫലം വർദ്ധിപ്പിച്ച് നൽകുകയും ചെയ്യുക, ഓഫീസ് കമ്പ്യൂട്ടർവൽക്കരണം, ഫർണിച്ചർ വാങ്ങുക, ലൈബ്രറി വിപുലീകരണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, വിവിധ കലാരൂപങ്ങളുടെ ഡോക്യുമെന്റേഷൻ, വനിതാ കൂട്ടായ്മ, വിദേശികൾക്കായി കൾച്ചറൽ ടൂറിസം, മഴയിൽ തകർന്ന സംരക്ഷണ ഭിത്തിയുടെ പുനർനിർമ്മാണം, കൂത്തമ്പലത്തിലെ രംഗമണ്ഡപത്തിന്റെ മേൽക്കൂര നിർമ്മാണം എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 99 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങൾ നൽകുന്നതിലേക്കായി പദ്ധതിയേതര ഇനത്തിൽ 21 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാതലത്തിൽ അധിക തുക അനുവദിക്കാൻ കഴിയില്ല.

(സർക്കാർ കത്ത് നമ്പർ 5498/ബി2/13/സാം.ക.വ. തീയതി 10-12-2013)

ശിപാർശ (ഖണ്ഡിക 73)

2202-05-102-97—സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടപ്പു പദ്ധതികളായ കുട്ടികൾക്കുള്ള പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, തളിര് ബാലമാസിക പ്രസിദ്ധീകരണം, തളിര് വായനാമത്സരം, ബാലസാഹിത്യ അവാർഡുകൾ, വർക്ക്ഷോപ്പ്/സെമിനാർ, ഓൺലൈൻ പ്രവർത്തനങ്ങൾ, പരസ്യം, ബുക്ക് എക്സിബിഷൻ, ബാലസാഹിത്യ രചയിതാക്കൾക്കുള്ള ഗ്രാന്റ്, പദ്ധതി നടത്തിപ്പ് എന്നിവയ്ക്കും പുതിയ പദ്ധതികളായ ഇന്റർനാഷണൽ പുസ്തക പ്രദർശനം, പാലാ കെ. എം. മാത്യൂ അവാർഡ്, പുസ്തകശാല, സഞ്ചരിക്കുന്ന പുസ്തകശാല എന്നിവയ്ക്കും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ 89 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ, ഭരണചെലവുകൾ തുടങ്ങിയവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 136.04 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 6833/സി1/13/സാം.കാ.വ. തീയതി 12-11-2013)

ശിപാർശ (ഖണ്ഡിക 75)

4202-04-190-99—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (മൂലധന വിഹിതം)

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കൈരളി/ശ്രീ തിയേറ്റർ കോഴിക്കോട്, കൈരളി/ശ്രീ തിയേറ്റർ, ചിത്രാഞ്ജലി തിയേറ്റർ, നോർത്ത് പറവൂർ, ചിത്രാഞ്ജലി തിയേറ്റർ, ചേർത്തല എന്നീ നാല് തിയേറ്ററുകളുടെ നവീകരണത്തിനും ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണത്തിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് 500 ലക്ഷം രൂപ പദ്ധതിവിഹിതമായി വകയിരുത്തിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം 25-3-2013-ലെ സ.ഉ.(സാധാ) 152/13/സി.എ.ഡി. പ്രകാരം 4 കോടി രൂപ പലിശരഹിത വായ്പയായി കെ.എസ്.എഫ്.ഡി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ നിയമസഭാ സമിതി ശുപാർശ ചെയ്തിരിക്കുന്ന പ്രകാരം കൂടുതൽ തുക അനുവദിക്കാൻ സംസ്ഥാനം അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 5113/എ3/13/സി.എ.ഡി. തീയതി 7-2-2014)

ശിപാർശ (ഖണ്ഡിക 76)

2205-00-102-65—മലയാള ചിത്രങ്ങൾക്കുള്ള സബ്സിഡി

കലാമൂല്യമുള്ള ചലച്ചിത്രങ്ങൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകളിൽ തുടർച്ചയായി പ്രദർശിപ്പിക്കുന്നതുമൂലം പ്രതിവർഷം ഏകദേശം 30 ലക്ഷം രൂപ കോർപ്പറേഷന് നഷ്ടം ഉണ്ടാകുന്നുണ്ട്. കൂടാതെ ചിത്രാഞ്ജലി സ്റ്റുഡിയോയുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന മലയാള ചലച്ചിത്രങ്ങൾക്ക് നൽകിവരുന്ന സബ്സിഡി 4 ലക്ഷത്തിൽനിന്നും 10 ലക്ഷമായി ഉയർത്തുന്നപക്ഷം 300 ലക്ഷം രൂപ അധികം വേണ്ടിവരും. ആയതിനാൽ പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ 330 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് 2013-14 വർഷത്തെ അവസാന ഉപധനാഭ്യർത്ഥനയിലും ശിപാർശ ഉൾപ്പെടുത്തുവാൻ കഴിഞ്ഞില്ല. അതിനാൽ ചലച്ചിത്ര വികസന കോർപ്പറേഷന് പദ്ധതിയേതര ഇനത്തിൽ അധിക ധനസഹായം അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 6089/ബി3/13/സാം.കാ.വ. തീയതി 14-5-2014)

ശിപാർശ (ഖണ്ഡിക 77)

2205-00-101-97—കേരള കലാമണ്ഡലം

കേരളത്തിലെ ക്ലാസിക്കൽ കലകളുടെ ഉന്നമനത്തിനും പരിശീലനത്തിനുംവേണ്ടി നിലകൊള്ളുന്ന കേരള കലാമണ്ഡലത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളായ മാനവവിഭവശേഷി വികസിപ്പിക്കൽ, കലാസാംസ്കാരിക പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും വരുംതലമുറയ്ക്ക് പകർന്നു നൽകുന്നതിനും പരമ്പരാഗത കലാരൂപങ്ങൾ പ്രചരിപ്പിക്കുന്നതിനും വേണ്ടിയുള്ള ഡോക്യുമെന്റേഷൻ, ലൈബ്രറിയുടെ ശാക്തീകരണം, പുതിയ 10 കളരികളുടെ നിർമ്മാണം, കൂത്തമ്പലത്തിന്റെ നവീകരണം, വിവിധ കെട്ടിട നിർമ്മാണപ്രവർത്തനം തുടങ്ങിയവയ്ക്കായി അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 870 ലക്ഷം രൂപയും കൽപ്പിത സർവ്വകലാശാലയാക്കിയതിന്റെ ഭാഗമായുള്ള ശമ്പളപരിഷ്കരണം, അലവൻസുകൾ, സ്റ്റൈപ്പന്റ് തുടങ്ങിയ പദ്ധതിയേതര ഇന ചെലവുകൾക്കായി 200 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള കലാമണ്ഡലത്തിന് പദ്ധതിയിനത്തിൽ 800 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 405 ലക്ഷം രൂപയും

വകയിരുത്തിയിട്ടുണ്ട്. എന്നാൽ നിയമസഭാ സമിതി ശിപാർശ ചെയ്തിരിക്കുന്ന പ്രകാരം കൂടുതൽ തുക അനുവദിക്കാൻ സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാതലത്തിൽ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 5496/എ1/13/സി.എ.ഡി. തീയതി 20-3-2014)

ശിപാർശ (ഖണ്ഡിക 78)

2202-05-102-96—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടപ്പുവർഷത്തെ പദ്ധതികളായ കെട്ടിട നിർമ്മാണം, പുസ്തക നിർമ്മാണം, ഓഫ്സെറ്റ് മെഷീൻ, കട്ടിംഗ് മെഷീൻ, ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ എന്നിവ വാങ്ങൽ, വെബ്സൈറ്റും നളന്ദ ബുക്ക്ഷോപ്പും നവീകരിക്കൽ, കൊച്ചിയിൽ പുതിയ ഷോറൂം ആരംഭിക്കൽ, ബുക്ക് ഫെയർ, ലൈബ്രറി ഓട്ടോമേഷൻ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോഴിക്കോട് കേന്ദ്രത്തിനുവേണ്ടി വാഹനം വാങ്ങൽ എന്നിവയ്ക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ 171 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, പുതിയ നിയമനം, ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധികമായി തുക അനുവദിക്കാനാവില്ല.

(സർക്കാർ കത്ത് നമ്പർ 6914/സി1/13/സാം.കാ.വ. തീയതി 18-12-2013)

ശിപാർശ (ഖണ്ഡിക 79)

2205-00-102-91—ലളിതകലാ അക്കാഡമി

പാലക്കാട് ജില്ലയിലെ കുമ്പിടിയിൽ ഭാരതപ്പുഴയുടെ തീരത്ത് പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത വിധത്തിൽ കലാഗ്രാമം നിർമ്മിച്ച് അവിടെ കലാകാരന്മാർക്ക് താമസിച്ച് കലാസൃഷ്ടികൾ നടത്തുന്നതിന് അവസരമൊരുക്കാൻ കേരള ലളിതകലാ അക്കാഡമി ലക്ഷ്യമിടുന്നു. ഇതിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് 100 ലക്ഷം രൂപയും കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരകത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് 200 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ ആകെ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള ലളിതകലാ അക്കാദമിക്ക് പദ്ധതിയിനത്തിൽ 170 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 122.98 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കോട്ടയത്ത് മ്യൂറൽ സിറ്റി സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപ കേരള ലളിതകലാ അക്കാദമിക്ക് അനുവദിച്ചിട്ടുണ്ട്. കായംകുളത്ത് കാർട്ടൂണിസ്റ്റ് ശങ്കർ

മ്യൂസിയം സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ ശില്പ നിർമ്മാണം നടത്തുന്നതിന് വകയിരുത്തിയിട്ടുള്ള 100 ലക്ഷം രൂപയും കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരകത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കുമ്പിടിയിൽ കലാഗ്രാമത്തിനായി സ്ഥലം ഏറ്റെടുക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 5496/എ1/13/സി.എ.ഡി. തീയതി 20-3-2014)

ശിപാർശ (ഖണ്ഡിക 80)

2205-00-102-82—തിരുവനന്തപുരം ഭാരത് ഭവൻ

ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലെത്തിയ വിവിധ ഭാഷാ ന്യൂനപക്ഷങ്ങളുടെ കലാക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, കേരളത്തിന്റെ സാംസ്കാരിക പൈതൃകം, കല, ചരിത്രം എന്നിവ മറ്റ് സംസ്ഥാനങ്ങൾക്ക് പരിചയപ്പെടുത്തുക, ഭാഷ, പ്രാദേശികത, പാരമ്പര്യം എന്നിവയ്ക്ക് ഉപരിയായി സംസ്ഥാനങ്ങളെ തമ്മിൽ സാംസ്കാരികമായി കൂട്ടിയിണക്കി ദേശീയത കാത്തുസൂക്ഷിക്കുക, വിവിധ സംസ്ഥാനങ്ങൾ തമ്മിലുള്ള സാംസ്കാരിക വിനിമയ പരിപാടി, കുട്ടികളിലും യുവതലമുറയിലും ദേശീയബോധം വളർത്തുക എന്നീ സ്ഥാപിത ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ഭാരത് ഭവന്റെ പദ്ധതികളായ അതിഥി ദേവോഭവ, ദേശീയോദ്ഗ്രഥന പരിപാടികൾ, കേരളത്തനിമ, ഭാഷാ ന്യൂനപക്ഷ സംഗമം, മറുനാടൻ ഭാഷാ പരിചയം, അഫിലിയേറ്റഡ് അസോസിയേഷൻ പരിപാടികൾ, നാഷണൽ ട്രാൻസിലേഷൻ ക്യാമ്പ്, അറേബ്യൻ സാംസ്കാരിക മേളകൾ, മറുനാടൻ ആയോധന ഉത്സവം എന്നിവയുടെ നിർവ്വഹണത്തിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 98 ലക്ഷം രൂപയും ശമ്പളം, അലവൻസുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയ പദ്ധതിയേതര ഇനത്തിലുള്ള ചെലവുകൾക്കായി 31.57 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭാരത് ഭവന് പദ്ധതിയിനത്തിൽ 10 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 7.98 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഭാരത് ഭവന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ മിച്ചം വച്ചിരിക്കുന്ന പദ്ധതി-പദ്ധതിയേതര വിഹിതമായ 13,32,225 രൂപ ഈ സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 5496/എ1/13/സി.എ.ഡി. തീയതി 20-3-2014)

ശിപാർശ (ഖണ്ഡിക 82)

2205-00-103-99—പുരാവസ്തു ഗവേഷണ വകുപ്പ്

സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃക മേഖലയിലും ചരിത്രസ്മാരകങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ടും പ്രവർത്തിക്കുന്ന പുരാവസ്തുവകുപ്പിൽ സംരക്ഷിത

സ്മാരകങ്ങളുടെ സുരക്ഷയ്ക്കായി കൂടുതൽ ദിവസവേതനക്കാരെ നിയോഗിച്ചതുകൊണ്ടും ശമ്പളം, ഡീസൽവില, വിവിധ മ്യൂസിയങ്ങളിലേയും ഡയറക്ടറേറ്റിലേയും ഓഫീസ് ചെലവുകൾ തുടങ്ങിയവ വർദ്ധിപ്പിച്ചതുകൊണ്ടും പദ്ധതിയേതര ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പുരാവസ്തു വകുപ്പിൽ ശമ്പളം, ഇന്ധനവില, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നിലവിൽ പദ്ധതിയേതര ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 11-9-2013-ലെ സ.ഉ.(സാധാ) നമ്പർ 7297/2013/ധന, 15-2-2014-ലെ സ.ഉ.(സാധാ) നമ്പർ 944/2014/ധന എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത ഇനത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 6090/ബി1/2013/സാം.കാ.വ തീയതി 25-3-2014)

ശിപാർശ (ഖണ്ഡിക 83)

2205-00-104-99—സംസ്ഥാനത്തെ പുരാതന ഗ്രന്ഥശേഖരം—മറ്റുചെലവുകൾ

കേരളത്തിന്റെ ചരിത്രപരവും ഭരണപരവുമായ രേഖകൾ സംരക്ഷിക്കുന്നതിനായി നിലകൊള്ളുന്ന കേരള സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം, താളിയോലകളുടെ മ്യൂസിയം, സിഗ്നേച്ചർ മ്യൂസിയം, ഫ്രീഡം മെമ്മോറിയൽ എന്നിവയ്ക്കായി 1 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്തിട്ടുള്ള പദ്ധതികൾ വകുപ്പിൽ തുടർന്ന് വരുന്നതിനാലും നടപ്പ് വർഷം ഇക്കാര്യത്തിനാവശ്യമായ ഫണ്ട് ലഭ്യമായതിനാലും ഇനി നടപ്പുവർഷം കൂടുതൽ തുക ലഭ്യമാക്കിക്കൊണ്ട് നടപടിക്രമങ്ങൾ പൂർത്തിയാക്കി തുക ചെലവഴിക്കുന്നതിന് ആവശ്യമായ സമയം ലഭ്യമല്ലാത്തതിനാലും സമിതി ശിപാർശ ചെയ്ത തുക വകുപ്പിന് നടപ്പുവർഷം ആവശ്യമില്ല എന്ന വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 5992/സി2/2013/സാം.കാ.വ തീയതി 13-3-2014)

ശിപാർശ (ഖണ്ഡിക 84)

2205-00-800-42—മുസിരിസ് കൊച്ചി ബൈയനയൽ

കൊച്ചിൻ ബിനാലെ ഓരോ രണ്ടു വർഷം കൂടുമ്പോഴും സംഘടിപ്പിക്കുന്നതിന് രണ്ട് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ബിനാലെ നടത്തിപ്പിനായി ഈ ഹെഡ് ഓഫ് അക്കൗണ്ടിൽ രണ്ട് കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കൊച്ചി മുസിരിസ് ബിനാലെ നടത്തിപ്പിന് 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 6130/ബി1/2013/സാം.കാ.വ. തീയതി 16-5-2014)

ശിപാർശ (ഖണ്ഡിക 86)

2205-00-107-98—മ്യൂസിയം കാഴ്ചബംഗ്ലാവുകളുടെ വികസനം

മ്യൂസിയം മൃഗശാലാവകുപ്പിന്റെ പദ്ധതികളായ വയനാട്ടിലെ കുങ്കിച്ചിറയിൽ ഹെറിറ്റേജ് മ്യൂസിയവും മൃഗങ്ങളുടെ പുനരധിവാസ കേന്ദ്രവും സ്ഥാപിക്കുക, തൃത്താലയിൽ ഗ്ലാസ് മ്യൂസിയം സ്ഥാപിക്കുക, തൃശ്ശൂരിൽ വാക്സ് മ്യൂസിയം സ്ഥാപിക്കുക, മൂന്നാറിൽ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുക, കോഴിക്കോട് പുതിയ ആർട്ട് ഗ്യാലറി സ്ഥാപിക്കുക, ശ്രീചിത്രാലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുക എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ 600 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം മ്യൂസിയം മൃഗശാലാ വകുപ്പിൽ കൂടുതൽ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ചുവടെ ചേർക്കുന്ന ഡിസ്ട്രിക്ട് വൈസ് മ്യൂസിയങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയാണ് സബ്ജക്ട് കമ്മിറ്റിയിൽ 600 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടത്.

1. വയനാട്ടിലെ കുങ്കിച്ചിറയിൽ ഹെറിറ്റേജ് മ്യൂസിയവും മൃഗങ്ങളുടെ പുനരധിവാസ കേന്ദ്രവും നിർമ്മിക്കൽ (ഒരു കോടി)

2. തൃത്താലയിൽ ഗ്ലാസ് മ്യൂസിയം സ്ഥാപിക്കൽ (ഒരു കോടി)

3. തൃശൂരിൽ വാക്സ് മ്യൂസിയം സ്ഥാപിക്കൽ (ഒരു കോടി)

4. മൂന്നാറിൽ സാംസ്കാരിക സമുച്ചയം സ്ഥാപിക്കൽ (ഒരു കോടി)

5. കോഴിക്കോട് പുതിയ ആർട്ട് ഗ്യാലറി സ്ഥാപിക്കൽ (ഒരു കോടി)

6. ശ്രീചിത്രാലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കൽ (ഒരു കോടി)

വയനാട്ടിലെ കുങ്കിച്ചിറയിൽ ഹെറിറ്റേജ് മ്യൂസിയവും മൃഗങ്ങളുടെ പുനരധിവാസ കേന്ദ്രവും സ്ഥാപിക്കുന്നതിന്റെ കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം പ്രായോഗികമല്ലാത്തതിനാലും പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിലെ തൃത്താലയിൽ നിള നദിക്ക് സമീപം ഗ്ലാസ് മ്യൂസിയം സ്ഥാപിക്കുന്നതിന് മൂന്നാറിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനും ആവശ്യമായ സ്ഥലം വകുപ്പിന് ലഭിക്കാത്തതിനാലും മേൽ പദ്ധതികൾക്കായി തുക ടി വർഷം ആവശ്യം വരുന്നില്ല.

തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റിയാൽ മാത്രമേ വാക്സ് മ്യൂസിയം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. കോഴിക്കോട് പുതിയ ആർട്ട് ഗ്യാലറി കെട്ടിടം സ്ഥാപിക്കുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും ഈ സാമ്പത്തിക വർഷം 3 കോടി രൂപ

അനുവദിക്കുന്നതിന് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകാരം നൽകിയിട്ടുണ്ട്. ആയതിനാൽ ഈ പദ്ധതിക്കായി തുക അധികമായി ആവശ്യമില്ല. ശ്രീചിത്രാലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്ത തിനാൽ കൂടുതൽ തുക ടി വർഷം ചെലവഴിക്കുന്നത് പ്രായോഗികവുമല്ല. ആയതിനാൽ മ്യൂസിയം മൃഗശാലാ വകുപ്പിൽ പദ്ധതികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച 1300 ലക്ഷം രൂപ പര്യാപ്തമാണെന്നുള്ള വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 7021/ബി2/2013/സാം.കാ.വ. തീയതി. 15-1-2014)

ശിപാർശ (ഖണ്ഡിക 87)

2205-00-103-85—പൈതൃക പഠന കേന്ദ്രം

സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ ലൈബ്രറി കോംപ്ലക്സ് നിർമ്മാണം, പൈതൃക പ്രദേശങ്ങളുടെ പ്രാമാണീകരണം, പബ്ലിക്കേഷനുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച വിഹിതം പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന് അധിക തുക അനുവദിക്കാൻ കഴിയില്ല.

(സർക്കാർ കത്ത് നമ്പർ 6132/ബി1/2013/സാം.കാ.വ. തീയതി 10-12-2013)

ശിപാർശ (ഖണ്ഡിക 88)

2205-00-102-66—കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി

കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിയുടെ പദ്ധതികളായ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവെൽ, തലസ്ഥാന നഗരിയിൽ തിയേറ്റർ കോംപ്ലക്സ്, ഇന്റർനാഷണൽ ഫിലിം സെന്റർ, ഫിലിം സൊസൈറ്റികളുടെ പോഷണവും ഉന്നമനവും, ലൈബ്രറി, ഫെല്ലോഷിപ്പും റിസർച്ചും, ചലച്ചിത്രാസ്വാദന കോഴ്സ്, പ്രസിദ്ധീകരണം, കുട്ടികൾക്കു വേണ്ടി ദൃശ്യ/ശ്രവ്യ പരിശീലന പദ്ധതി, അക്കാദമി വെബ്സൈറ്റിന്റെയും, പോർട്ടലി ന്റെയും നിർമ്മാണം, അന്താരാഷ്ട്ര ചലച്ചിത്ര മേളകൾക്കുള്ള മലയാളം സിനിമകൾക്കായി പാക്കേജ്, ദേശീയ ചലച്ചിത്രമേളയും, അനുബന്ധ മേളകളും, ഡോക്യുമെന്ററി & ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, ഡോക്യുമെന്റേഷൻ, മലയാള സിനിമയുടെ ഉന്നമനത്തിനുള്ള പ്രവർത്തനം എന്നിവയുടെ നിർവ്വഹണത്തിന് ബഡ്ജറ്റിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ 3510 ലക്ഷം രൂപയും തിയേറ്റർ, ക്ലാസിഫിക്കേഷൻ, വെബ്മാഗസിൻ എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 47.88 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിക്ക് പദ്ധതി വിഹിതമായി 345 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 249.12 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അന്തർ ദേശീയ ചലച്ചിത്രമേളയ്ക്ക് പദ്ധതിയേതര വിഹിതമായി കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിക്ക് 50 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചതിനു പുറമേ, അധിക ധനസഹായമായി 2.25 കോടി രൂപ 2013-14 സാമ്പത്തിക വർഷം 24-12-2013-ലെ സ.ഉ. (സാധാ) 593/2013/സി.എ.ഡി. പ്രകാരം 18-ാമത് അന്തർദേശീയ ചലച്ചിത്രമേളയ്ക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ നിയമസഭാ സമിതി ശിപാർശ ചെയ്തിരിക്കുന്ന പ്രകാരം കൂടുതൽ തുക അനുവദിക്കാൻ സംസ്ഥാനം അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 5113/എ3/2013/സി.എ.ഡി. തീയതി 7-2-2014)

ശിപാർശ (ഖണ്ഡിക 89)

2205-00-102-90—സംഗീത നാടക അക്കാഡമി

കേരള സംഗീത നാടക അക്കാദമിയുടെ അന്തർദേശീയ നാടകോത്സവം, നാടകങ്ങൾക്കും കഥാപ്രസംഗങ്ങൾക്കും നൽകുന്ന സബ്സിഡി എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ 201 ലക്ഷം രൂപയും ജീവനക്കാർക്ക് ശമ്പളപരിഷ്ക്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന അധിക ബാധ്യത നേരിടുന്നതിന് പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ 49 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള സംഗീത നാടക അക്കാഡമിക്ക് പദ്ധതിയിനത്തിൽ 200 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 79.05 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അന്തർദേശീയ നാടകോത്സവത്തിന് 50 ലക്ഷം രൂപയും നശിച്ചുകൊണ്ടിരിക്കുന്ന കലാരൂപങ്ങളുടെ പുനരുദ്ധാരണത്തിന് 36 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്കൂൾ കുട്ടികളുടെ നാടകശില്പശാലകൾക്ക് 20 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 5496/എ1/2013/സി.എ.ഡി. തീയതി 20-3-2014)

ശിപാർശ (ഖണ്ഡിക 91)

2205-00-102-74—നാടൻകല അക്കാഡമി

കേരള ഫോക്‌ലോർ അക്കാദമിയുടെ പദ്ധതികളായ കേരള ഫോക്‌ലോർ അക്കാദമിയുടെ ട്രാവൻകൂർ ഫോക് വില്ലേജ്, വാദ്യോപകരണങ്ങളുടെ പഠന ഗവേഷണ കേന്ദ്രം, വാദ്യോപകരണങ്ങളുടെയും ഉപകരണ സംഗീതത്തിന്റെയും മ്യൂസിയം, ഫോക്‌ലോറിന്റെ പ്രചാരത്തിനും സംരക്ഷണത്തിനും വൈവിധ്യവൽക്കരണത്തിനും

വേണ്ടി പുതിയ ഭരണ സമിതി ആവിഷ്കരിച്ചിട്ടുള്ള നൂതനമായ പദ്ധതികൾ, ലോക ഫോക് ഉത്സവം എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായ തിനാൽ 6.18 കോടി രൂപ പദ്ധതിയിനത്തിലും പദ്ധതിയേതര ഇനത്തിലെ ചെലവു കൾക്കായി 1 കോടി രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള ഫോക്‌ലോർ അക്കാഡമിക്ക് പദ്ധതിയിനത്തിൽ 100 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 17.85 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കേരള ഫോക്‌ലോർ അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ട്രാവൻകൂർ ഫോക് വില്ലേജ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയിന്മേൽ സർക്കാർ നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ അന്താരാഷ്ട്ര ഫോക് ഉത്സവത്തിന് 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ നിയമസഭ സമിതി ശിപാർശ ചെയ്തിരിക്കുന്ന പ്രകാരം കൂടുതൽ തുക അനുവദിക്കാൻ സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 5496/എ1/2013/സി.എ.ഡി. തീയതി 20-3-2014)

ശിപാർശ (ഖണ്ഡിക 97)

2205-00-102-63—മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തിനുള്ള സംഭാവന

മലപ്പുറം ജില്ലയിൽ കൊണ്ടോട്ടിയിലുള്ള മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകം മാപ്പിളകലാ അക്കാഡമിയായി ഉയർത്തിയ സാഹചര്യത്തിൽ 2013-14 വർഷ ത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമിക്ക് പദ്ധതിയേതര വിഹിതം 1 ലക്ഷം രൂപയിൽ 50 ലക്ഷം രൂപയാക്കി ഉയർത്തി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 5496/എ1/2013/സി.എ.ഡി. തീയതി 20-3-2014)

**ഭാഗം 2**

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് (2013-14) റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ഖണ്ഡികകൾ

| *ക്രമനമ്പർ* | *വകുപ്പ്* | *ഖണ്ഡിക നമ്പർ* |
|---|---|---|
| 1 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 20-25, 27-30, 34, 38-42, 60-62 |
| 2 | ശാസ്ത്ര സാങ്കേതിക വകുപ്പ് | 64, 65 |
| 3 | സാംസ്കാരിക കാര്യ വകുപ്പ് | 85, 92, 95, 96 |